(ബി) ഇതിന്റെ ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) ഈ സെക്ഷനുകളിൽ എത്ര ട്രാൻസ്ഫോർമറുകൾക്ക് പുതുതായി നിർദ്ദേശം ഉയർന്നിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ഡി) എം. എൽ. എ.-ഫണ്ടിൽ നിന്ന് ഏത് ട്രാൻസ്ഫോർമറിനാണ് പണം നൽകാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്; ഇത് സംബന്ധിച്ച് കോഴിക്കോട് ജില്ലാ കലക്ടറിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ: എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ ആന്റ് ബി)

ബാലുശ്ശേരി	..	74 എണ്ണം
അത്തോളി	..	35 ,,
പുതിയങ്ങാടി (എരഞ്ഞിക്കൽ)	..	32 ,,

ഇതിന്റെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു†.

(സി) ബാലുശ്ശേരി	..	4 എണ്ണം
അത്തോളി	..	7 ,,
പുതിയങ്ങാടി	..	ഇല്ല.

(ഡി) നന്മണ്ട പഞ്ചായത്തിലെ പൊക്കുന്നുമല ശുദ്ധജല പദ്ധതിക്ക് വേണ്ടിയുള്ള ട്രാൻസ്ഫോർമറിനാണ് എം.എൽ.എ.-ഫണ്ടിൽ നിന്ന് പണം നൽകാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇത് സംബന്ധിച്ച കോഴിക്കോട് ജില്ലാകലക്ടറിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കുവേണ്ടി എം.എൽ.എ.-സ്കീമിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

പയ്യന്നൂരിൽ സ്ഥാപിച്ച ട്രാൻസ്ഫോർമറുകൾ

24 [3368] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം എത്ര ട്രാൻസ്ഫോർമറുകൾ വാങ്ങിയെന്നും ഓരോ ജില്ലയിലേക്കും എത്ര വീതം ട്രാൻസ്ഫോർമറുകൾ ലഭ്യമാക്കിയെന്നും വിശദമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ സെക്ഷൻ ഓഫീസുകളിൽ എവിടെയെല്ലാമാണ് പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപ്പു സാമ്പത്തികവർഷം (2004-2005) വാങ്ങിയ ട്രാൻസ്ഫോർമറുകളുടെയും അവ ഓരോ ജില്ലയിലേക്കും ലഭ്യമാക്കിയതിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കടന്നപ്പള്ളി, പയ്യന്നൂർ, തെക്കേ ബസാർ എന്നിവിടങ്ങളിലാണ് ഈ സമ്പത്തിക വർഷം ട്രാൻസ്ഫോർമർ സ്ഥാപിച്ചത്.

ലോഡ്ജുകൾക്കും റസ്റ്റോറന്റുകൾക്കും വൈദ്യുതി ആനുകൂല്യം

25 [3369] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ബേക്കറികൾ, ലോഡ്ജുകൾ എന്നിവയെ ടൂറിസം വികസനവുമായി ബന്ധപ്പെടുത്തി ചെറുകിട വ്യവസായങ്ങൾക്ക് നൽകുന്ന വൈദ്യുതി ആനുകൂല്യം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധമായി എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ആനുകൂല്യം നൽകാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്റ്റാർ പദവിയുള്ള ഹോട്ടലുകൾ, സർക്കാർ അംഗീകരിച്ച റസ്റ്റോറന്റുകൾ എന്നിവയ്ക്ക് ടൂറിസം വകുപ്പ് വൈദ്യുതി ചാർജിന് സബ്സിഡി നൽകുന്നുണ്ട്. ബേക്കറികൾ, ലോഡ്ജുകൾ എന്നിവയ്ക്ക് ഈ ആനുകൂല്യം നൽകാൻ ഉദ്ദേശിക്കുന്നില്ലായെന്ന് ടൂറിസം വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ബി) ഇല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly